# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 417 02.12.2014 ൽ മറുപടിക്ക്

## റയിൽവേ വികസനത്തിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ; റ്റി. എ. അഹമ്മദ് കബീർ:<br>ശ്രീ. കെ. എൻ. എ. ഖാദർ:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>ശ്രീ. സി. മോയിൻ കുട്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റയിൽവേ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അടിയന്തിര ശ്രദ്ധപതിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിലെ റയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014- 15 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ 30.05.2014 ലെ ബഹു: മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തു പ്രകാരം ബഹു: ഇൻഡ്യൻ പ്രധാനമന്ത്രിക്കും, മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു.<br>തുടർന്ന് 09.07.2014 ന് അവതരിപ്പിക്കപ്പെടുന്ന റയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു. എം.പി മാരോടും റയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടുകയും തുടർന്ന് 2015-16 ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾ കൂടി ബഹു. എം.പി മാരോട് ആവശ്യപ്പെട്ടതനുസരിച്ച് |

| | | | |
|---|---|---|---|
| | | | ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി . 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ അവ പരിഗണിച്ച് ആവശ്യമായ തുകകൾ വകയിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിശദമായ മെമ്മോറാണ്ടത്തിന്റെ കരട് തയ്യാറാക്കുകയും ടി മെമ്മോറാണ്ടം 19.11.2014 -ൽ തിരുവനന്തപുരത്ത് വച്ച് നടന്ന എം.പിമാരുടെ യോഗത്തിൽ വച്ച് ആദ്യ അജണ്ടാ വിഷയമായി ചർച്ചചെയ്യുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ മെമ്മോറാണ്ടം 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ അവ ഉൾപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വികസനക്കാര്യത്തിൽ മുൻഗണന നൽകേണ്ട പദ്ധതികളെ സംബന്ധിച്ച് നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിവരം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി വിശദമായ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സത്വര നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സ്ഥല സൗകര്യം ലഭ്യമായ സ്റ്റേഷനുകളുടെ വികസനത്തിനു മുൻഗണന നൽകുന്ന കാര്യം പരിശോധിക്കുമോ? | (സി) | മുൻഗണന നൽകുന്നുണ്ട്. ഇതനുസരിച്ച് കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം , കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367/- രൂപ റെയിൽവേക്ക് ഈ സാമ്പത്തിക വർഷം (2014-15) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ